**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2885

2.4.2013 ൽ
മറുപടിയ്ക്ക്

## അരി, പലവ്യഞ്ജനങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കാൻ നടപടി

ചോദ്യം

ശ്രീ. രാജു എബ്രഹാം :

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ളൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) പൊതുവിപണിയിൽ അരി, പല വ്യഞ്ജനങ്ങൾ തുടങ്ങിയവയ്ക്ക് ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നത് :

എ) പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം തടയുന്നതിനായി പൊതുവിതരണശൃംഖല വഴി ന്യായവിലയ്ക്ക് ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു. ബി.പി.എൽ കാർഡുടമകൾക്ക് 1 രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും 2 രൂപ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും നൽകുന്നു. എ.എ.വൈ കാർഡുടമകൾക്ക് 1 രൂപ നിരക്കിൽ 35 കി.ഗ്രാം അരി നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് 8.90 രൂപ നിരക്കിൽ 10 കി.ഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കി.ഗ്രാം ഗോതമ്പും നൽകുന്നു. കൂടാതെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 9 കി.ഗ്രാം അരിയും 2 കി.ഗ്രാം ഗോതമ്പും കി.ഗ്രാമിന് 2 രൂപ നിരക്കിൽ നൽകുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് വിതരണത്തിനായി 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും നാല് മാസങ്ങളിലേയ്ക്കായി (ജനുവരി മുതൽ ഏപ്രിൽ വരെ) കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ കാർഡുകാർക്ക് 5 കി.ഗ്രാം അരി 6.20 രൂപയ്ക്കും 2 കി.ഗ്രാം ഗോതമ്പ് 4.70 രൂപയ്ക്കും അധികമായി നൽകുന്നു. കൂടാതെ 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ബി.പി.എൽ കാർഡ് ലഭിച്ചിട്ടില്ലാത്തതുമായ കാർഡുടമകൾക്ക് അവർക്ക് നിലവിൽ ലഭിക്കുന്ന വിഹിതത്തിന് പുറമെ 19 കി.ഗ്രാം അരി 6.20 രൂപ നിരക്കിലും 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും വിതരണം ചെയ്യുന്നുണ്ട്.

കൂടാതെ പൊതുവിപണിയിലെ അവശ്യ സാധനങ്ങളുടെ വില വർദ്ധന നിയന്ത്രിക്കുന്നതിനായി സപ്ലൈകോ നടത്തി വരുന്ന

വിപണിയിടപെടൽ പദ്ധതി ഇപ്പോഴും കാര്യക്ഷമമായി തുടർന്ന് വരുന്നുണ്ട്. അരി വില നിയന്ത്രിക്കുന്നതിനു വേണ്ടി അരിക്കട എന്ന പദ്ധതി പ്രകാരം മട്ട, കുറുവ, ജയ, പച്ചരി എന്നിവ യഥാക്രമം 16 രൂപ, 19 രൂപ, 21 രൂപ, 16 രൂപ എന്നീ ക്രമത്തിൽ പ്രതിമാസം കാർഡ് ഒന്നിന് 20 കി.ഗ്രാം വരെ പൊതുജനങ്ങൾക്ക് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വക മാവേലി / സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റു വരുന്നു. ഇതിന് പുറമെ മറ്റ് അവശ്യ സാധനങ്ങളും എഫ്.എം.സി.ജി ഉൽപ്പന്നങ്ങളും വിപണിവിലയേക്കാൾ ഏകദേശം 10-15% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നു. മലയോര/ തീരദേശ/ ആദിവാസി മേഖലയിലെ ഉപഭോക്താക്കൾക്ക് 14 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകുന്നുണ്ട്. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക്പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളും കർശനമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ശബരി ബ്രാൻഡ് ഫോർട്ടിഫൈഡ് ആട്ട എന്ന പേരിൽ 12 രൂപ നിരക്കിൽ 14,000 റേഷൻ കടകൾ വഴിയും 1300 ഓളം സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു. മേൽ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക വഴി കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ആവശ്യത്തിന് സാധനങ്ങൾ എത്തിക്കുന്നത് മൂലം വിപണിയിലെ ക്രമാതീതമായ വിലക്കയറ്റം പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് 2 മാവേലി സ്റ്റോർ വീതമെങ്കിലും തുടങ്ങുന്നതിനും ഈ മാവേലി സ്റ്റോറുകളിൽ യഥേഷ്ടം സാധനങ്ങൾ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ബി) | നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. കേരളത്തിലെ 972 ഗ്രാമപഞ്ചായത്തുകളിൽ 69 പഞ്ചായത്തുകളിൽ മാത്രമാണ് മാവേലി സ്റ്റോറുകൾ ഇല്ലാത്തത്. തദ്ദേശസ്വയംഭരണ |

സ്ഥാപനങ്ങളുടെയോ എം.എൽ.എ/എം.പി എന്നിവരുടെയോ മാവേലി സ്റ്റോറുകൾ ആരംഭിക്കണമെന്നുള്ള അപേക്ഷയിൻമേൽ സാദ്ധ്യതാ പഠനം നടത്തി സാമൂഹിക പരമായും വാണിജ്യപരമായും സാമ്പത്തിക പരമായും ഗുണകരമാണെന്ന് കണ്ടെത്തിയാൽ സപ്ലൈകോയുടെ നിബന്ധനകൾക്ക് വിധേയമായി ജീവനക്കാരുടെ ലഭ്യത അനുസരിച്ച് ടി പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ